ഗ്രാമീണ ശുദ്ധജല പദ്ധതി

52 [1769] ശ്രീ. ടി. കെ. ബാലൻ :

ശ്രീമതി ഗിരിജാ സുരേന്ദ്രൻ :

ശ്രീ. കെ. വി. കുഞ്ഞിരാമൻ :

,, പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ ശുദ്ധജലപദ്ധതിയുടെ നടത്തിപ്പ് സർക്കാർ വിലയിരുത്തുകയുണ്ടായോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിൽ ഉണ്ടായ ക്രമക്കേടുകൾ സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തുകയുണ്ടായോ ;

(സി) ഇത്തരം പദ്ധതികൾക്കായി കേന്ദ്രസർക്കാർ ഇതിനകം അനുവദിച്ച തുക ചെലവഴിച്ചത് സംബന്ധിച്ച് ഉന്നയിക്കപ്പെട്ട ക്രമക്കേടുകൾ എന്തൊക്കെയായിരുന്നു എന്ന് വെളിപ്പെടുത്തുമോ ;

(ഡി) തന്നാണ്ടിൽ ഗ്രാമീണ ശുദ്ധജലപദ്ധതിക്ക് കേന്ദ്രസർക്കാർ എന്ത് തുക അനുവദിക്കുകയുണ്ടായി; ഇതിനകം ചെലവഴിച്ച തുക ജില്ലതിരിച്ച് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഗ്രാമീണ ശുദ്ധജലപദ്ധതിയുടെ നടത്തിപ്പ് കേരള വാട്ടർ അതോറിറ്റി കാലാകാലങ്ങളിൽ അവലോകനം നടത്തുകയും വേണ്ട നടപടികൾ കൈക്കൊള്ളുകയും ചെയ്യാറുണ്ട്.

(ബി) & (സി) ഇത്തരം ആരോപണങ്ങൾ ഒന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) 2004-2005 സാമ്പത്തികവർഷം 3946.00 ലക്ഷം രൂപ അനുവദിച്ചു. 2005 ജനുവരി 31 വരെ ചെലവഴിച്ച തുകയുടെ വിവരങ്ങൾ താഴെ പറയും പ്രകാരമാണ്:

ജില്ല	*ചെലവഴിച്ച തുക (ലക്ഷത്തിൽ)*
തിരുവനന്തപുരം	202.80
കൊല്ലം	38.71
പത്തനംതിട്ട	162.54
ആലപ്പുഴ	131.31
കോട്ടയം	46.77
ഇടുക്കി	168.77
എറണാകുളം	636.99

LIBRARY ARCHIVES Kerala Legislative Assembly

ജില്ല		ചെലവഴിച്ച തുക (ലക്ഷത്തിൽ)
തൃശ്ശൂർ		239.67
പാലക്കാട്		61.89
മലപ്പുറം		40.68
കോഴിക്കോട്		60.42
വയനാട്		66.86
കണ്ണൂർ		193.22
കാസർഗോഡ്		14.09
	ആ കെ	2064.72
കണ്ടിൻജൻസി		98.24
ഓപ്പറേഷൻ ആന്റ് മെയിന്റനൻസ്		493.25
ടെക്നോളജി മിഷൻ		39.96
	ആ കെ	2696.17

കുറിപ്പ്—ഇതിൽ എറണാകുളം, വയനാട് ജില്ലാ കളക്ടർമാർക്ക് 50 ലക്ഷം രൂപ വീതം അനുവദിച്ച തുക കൂടി ഉൾപ്പെടുന്നു.

വേമ്പനാട്ടുകായലിനെ ദേശീയ നദീസംരക്ഷണ പദ്ധതിയിൽപ്പെടുത്തി ജലമലിനീകരണം നിയന്ത്രിക്കാൻ നടപടി

53 [1771] ശ്രീ. തോമസ് ഉണ്ണിയാടൻ :

,, ജോസഫ് എം. പുതുശ്ശേരി :

,, സ്റ്റീഫൻ ജോർജ്ജ് :

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേമ്പനാട്ടുകായലിന്റെ പ്രധാന ജലസ്രോതസ്സായ പമ്പാനദിക്കൊപ്പം വേമ്പനാട്ടുകായലും ദേശീയ നദീസംരക്ഷണപദ്ധതിയിൽപ്പെടുത്തി ജലമലിനീകരണം നിയന്ത്രിക്കുവാനുള്ള എൻ. ആർ. സി. ഡി. (നാഷണൽ റിവർ കൺസർവേഷൻ ഡയറക്ടറേറ്റ്)-യുടെ നടപടി വെളിപ്പെടുത്തുമോ ;

(ബി) പമ്പയ്ക്കൊപ്പം വിവിധ സ്രോതസ്സുകളിൽ നിന്നും വ്യാപകമായി മലിനീകരണ ഭീഷണി നേരിടുന്ന ഇതര നദികൾ ഏതൊക്കെയെന്നും അവയുടെ സംരക്ഷണത്തിനായി കൈക്കൊള്ളുന്ന നടപടികൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly